"ഭരണഭാഷ- മാതൃഭാഷ"

**കേരളസർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണവകുപ്പ് - തലസ്ഥാന നഗരവികസന പദ്ധതി - ജി.ജി. ഹോസ്പിറ്റൽ - കുമാരപുരം - പൂന്തി - വെൺപാലവട്ടം എൻ.എച്ച് ബൈപ്പാസ് റോഡിന്റെ വികസനത്തിനായി എൽ.എ.സി 436/2007 പ്രകാരം ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട് പൊന്നുംവില നിയമം സെക്ഷൻ 28എ പ്രകാരമുള്ള അവാർഡ് തുക അനുവദിക്കുന്നതിന് പുതുക്കിയ ഭരണാനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ(ആർ.ഇ)വകുപ്പ്**

സ.ഉ.(സാധാ) നം.1621/2026/LSGD തീയതി,തിരുവനന്തപുരം, 29-08-2026

---

പരാമർശം:- ജി.ഒ(ആർ.ടി)നം. 309/2026/എൽ.എസ്.ജി.ഡി തീയതി, 05/02/2026.

**ഉത്തരവ്**

തലസ്ഥാന നഗരവികസന പദ്ധതിയുടെ ഭാഗമായി ജി.ജി. ഹോസ്പിറ്റൽ - കുമാരപുരം - പൂന്തി - വെൺപാലവട്ടം എൻ.എച്ച് ബൈപ്പാസ് റോഡിന്റെ വികസനത്തിനായി, എൽ.എ.സി.436/2007 പ്രകാരം തിരുവനന്തപുരം താലൂക്കിൽ കടകംപ്പള്ളി വില്ലേജിൽ സർവ്വേ നം. 1478/3-1 (എൽ.എ. റീ. സർവ്വേ നം. 125/8)-ൽ ഉൾപ്പെട്ട 0.15 ആർ വസ്തു ഏറ്റെടുത്തിരുന്നതിന് പൊന്നുംവില നിയമം 1894, സെക്ഷൻ 28എ പ്രകാരം മുൻ ഉടമകളായ ശ്രീ. ഷാജി രവീന്ദ്രൻ, ശ്രീമതി സിൽവിയ ഷാജി എന്നിവർ സമർപ്പിച്ച അപേക്ഷ പരിശോധിച്ച് തിരുവനന്തപുരം ജില്ലാ കളക്ടർ പാസ്സാക്കിയിട്ടുള്ള അവാർഡ് തുകയായ **8,91,917/- രൂപ (എട്ട് ലക്ഷത്തി തൊണ്ണൂറ്റിയൊന്നായിരത്തി തൊള്ളായിരത്തി പതിനേഴ് രൂപ മാത്രം)** '4217-60-800-93 Payment of compensation in LAR Cases (Plan - Charged)' എന്ന ശീർഷകത്തിൽ നിന്ന് അനുവദിക്കുന്നതിന് പരാമർശ പ്രകാരം സർക്കാർ ഉത്തരവായിരുന്നു. എന്നാൽ, പ്രസ്തുത തുക 2025-26 സാമ്പത്തികവർഷം ചെലവഴിക്കാൻ കഴിയാത്തതിനാൽ, ആയത് 2026-27 വർഷത്തെ ശീർഷകത്തിൽ നിന്നും അനുവദിക്കുന്നതിനായി ഭരണാനുമതി പുതുക്കി നൽകി ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)

**RADHA P M**

ജോയിന്റ് സെക്രട്ടറി

സെക്രട്ടറി, തിരുവനന്തപുരം വികസന അതോറിറ്റി, തിരുവനന്തപുരം.
ജില്ലാ കളക്ടർ, തിരുവനന്തപുരം.
ബന്ധപ്പെട്ട കക്ഷികൾക്ക് (ജില്ലാ കളക്ടർ, തിരുവനന്തപുരം മുഖേന).
സ്പെഷ്യൽ ഓഫീസർ, സി.ആർ.ഡി.പി., തിരുവനന്തപുരം.
ഡെപ്യൂട്ടി കളക്ടർ (എൽ. എ.), തിരുവനന്തപുരം.
ട്രഷറി ഡയറക്ടർ, ട്രഷറി വകുപ്പ്, തിരുവനന്തപുരം.

സബ് ട്രഷറി ഓഫീസർ, കുടപ്പനക്കുന്ന്, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
ഐ & പി.ആർ.ഡി (വെബ് & ന്യൂ മീഡിയ)
ധനകാര്യവകുപ്പ് (01.05.2026-ലെ 3447786 /WCD-3/68/2026-FIN പ്രകാരം)
കരുതൽ ഫയൽ/ ഓഫീസ് കോപ്പി (ആർ.ഇ1/8/2026/എൽ.എസ്.ജി.ഡി)

ഉത്തരവിൻ പ്രകാരം

Digitally signed by
Bindu Chandran R
Date: 29-08-2026
15:34:41

സെക്ഷൻ ഓഫീസർ